ദേശീയ ബഹിരാകാശ ദിനം

ഇന്ത്യയുടെ മൂന്നാം ചാന്ദ്രപര്യവേക്ഷണ ദൗത്യമായ ചന്ദ്രയാൻ-3 വിജയകരമായി ചന്ദ്രനിൽ ഇറങ്ങിയതിന്റെ സ്മരണാർഥം ആഗസ്റ്റ് 23 ദേശീയ ബഹിരാകാശ ദിനമായി ആചരിക്കുന്നു. രാജ്യത്തിന്റെ ബഹിരാകാശ ദൗത്യങ്ങളുടെ നേട്ടങ്ങൾ പ്രദർശിപ്പിക്കുക, ബഹിരാകാശ ശാസ്ത്ര സാങ്കേതിക മേഖലകളിൽ യുവതലമുറയുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണിത്. 615 കോടിയാണ് ദൗത്യത്തിന്റെ ചെലവ്. ചന്ദ്രന്റെ രാസഘടന, ദക്ഷിണധ്രുവത്തിലെ ജലം, ടൈറ്റാനിയം, മഗ്നീഷ്യം എന്നിവയുടെ സാന്നിധ്യം തുടങ്ങിയവയിൽ പഠനമാണ് ലക്ഷ്യം.

നാട്ടുവിശേഷം

തൈക്വാൻഡോയിൽ വെങ്കല മെഡൽ

കെ. ഭാഗ്യലക്ഷ്മി

കാഞ്ഞങ്ങാട്: ജൂനിയർ നാഷനൽ തൈക്വാൻഡോ ചാമ്പ്യൻഷിപ്പിൽ വെങ്കല മെഡൽ നേട്ടവുമായി കെ. ഭാഗ്യലക്ഷ്മി. കേരളത്തിന്റെ അഭിമാന താരമായി മാറി. ആഗസ്റ്റ് 17 മുതൽ 20 വരെ മഹാരാഷ്ട്രയിലെ ഔറംഗാബാദിൽ നടന്ന 41ാമത് ദേശീയ തൈക്വാൻഡോ ചാമ്പ്യൻഷിപ്പിലാണ് കൊവ്വൽ തോയമ്മൽ സ്വദേശിനി ഭാഗ്യലക്ഷ്മി മെഡൽ നേടിയത്.

പെൺകുട്ടികളുടെ അണ്ടർ 44 കിലോഗ്രാം വിഭാഗത്തിലാണ് ഇവർ മത്സരിച്ചത്. വെള്ളിക്കോത്ത് തൈക്വാൻഡോ അക്കാദമിയിലെ വി.വി. മധുവിന്റെ കീഴിലാണ് പരിശീലനം. ജി.എച്ച്.എസ്.എസ് ബല്ലാ ഈസ്റ്റിലെ പ്ലസ് ടു വിദ്യാർഥിനിയാണ്. കവ്വായി തോയമ്മലിലെ കെ. ഭാസ്കരന്റെയും കെ. പുഷ്പയുടെയും മകളാണ്.

കാഞ്ഞങ്ങാട് റെയിൽവേ സ്റ്റേഷനിൽ ഭാഗ്യലക്ഷ്മിക്ക് സ്വീകരണം നൽകി.

കുരുക്കിലമർന്ന് ഉപ്പള ടൗൺ

ഉപ്പള ടൗണിലെ ഗതാഗതക്കുരുക്ക്

» വീർപ്പുമുട്ടി വിദ്യാർഥികളും രോഗികളും

മൊഗ്രാൽ: ഗതാഗത സ്തംഭനത്തിൽ വീർപ്പുമുട്ടുകയാണ് ഉപ്പളയിലെ റോഡുകൾ. പണി കിട്ടുന്നതാകട്ടെ വിദ്യാർഥികൾക്കും രോഗികൾക്കും.

ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യം നിഷേധിച്ചും തടസ്സപ്പെടുത്തിയുമാണ് ബദൽ സംവിധാനം ഏർപ്പെടുത്താതെയുള്ള ദേശീയപാത നിർമാണമെന്നാണ് പരക്കെ ആക്ഷേപം.

ഇതിനെതിരെ സന്നദ്ധ സംഘടനകളും രാഷ്ട്രീയപാർട്ടികളും ഇതിനകം വലിയ പ്രതിഷേധം ഉയർത്തിക്കഴിഞ്ഞു.

ആരിക്കാടി - ബന്തിയോടുനിന്ന് തുടങ്ങുന്ന ഗതാഗത തടസ്സം ഉപ്പളവരെ നീളുകയാണ്. ഉപ്പള ടൗൺ കടന്നുകിട്ടാൻ എടുക്കുന്ന സമയം രണ്ടു മണിക്കൂറിലേറെയാണ്. ഇത്രയും വലിയ ഗതാഗത തടസ്സം നേരിടുമ്പോഴും ഉപ്പളയിലെ പൊലീസ് എയ്ഡ് പോസ്റ്റ് നോക്കുകുത്തിയായി നിൽക്കുകയാണെന്ന ആക്ഷേപവുമുണ്ട്. ടിക്കറ്റ് നിരക്കിൽ കെ.എസ്.ആർ.ടി.സി ബസുകളിൽ ഇളവില്ലാത്തത് കൊണ്ട് വിദ്യാർഥികൾ സ്വകാര്യ ബസുകളെ ആശ്രയിക്കണം.

അതുകൊണ്ടുതന്നെ നാലുമണിക്ക് സ്കൂൾ വിട്ടാൽ ഗതാഗത തടസ്സം മൂലം വീട്ടിലെത്തുന്നത് രാത്രി ഏഴു കഴിഞ്ഞാണ്. ഇത് രക്ഷിതാക്കളിലുണ്ടാക്കുന്ന ആശങ്ക വലുതാണ്. രോഗികളെ സമയത്തിന് ആശുപത്രിയിൽ എത്തിക്കാൻ കഴിയാത്തതും ജീവന് ഭീഷണിയാകുന്നുണ്ട്. പ്രവാസികളുടെയും വരവും മടക്കയാത്രയും ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. സമയത്തിന് മംഗളൂരു എയർപോർട്ടിൽ എത്താൻ കഴിയാത്ത അവസ്ഥയാണുള്ളതെന്ന് പ്രവാസികളും ചൂണ്ടിക്കാട്ടുന്നു.

ഗൗരവമേറിയ പരാതികൾ ഉയർന്നുവന്നിട്ടും ഇത് കണ്ടില്ലെന്ന് നടിക്കുകയാണ് നിർമാണ കമ്പനി അധികൃതരെന്ന് കുമ്പള മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് രവി പൂജാരി പറഞ്ഞു. പ്രശ്നപരിഹാരം കണ്ടില്ലെങ്കിൽ മണ്ഡലം കോൺഗ്രസ് കമ്മിറ്റി യു.എൽ.സി.സി ഓഫിസിലേക്ക് മാർച്ച് ഉൾപ്പെടെ ബഹുജന പ്രക്ഷോഭത്തിന് നേതൃത്വം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എം.എൽ.എ യോഗം വിളിച്ചു

ഉപ്പള: ദേശീയപാത വികസനത്തിന്റെ ഭാഗമായി ഉപ്പളയിലെ ഫ്ലൈ ഓവർ നിർമാണംമൂലം ടൗണിൽ മണിക്കൂറോളം ഗതാഗത തടസ്സമുണ്ടാവുന്നതിന് പരിഹാരം കാണാൻ എ.കെ.എം. അഷ്റഫ് എം.എൽ.എ ജനപ്രതിനിധികൾ, ദേശീയപാത അതോറിറ്റി, ഊരാളുങ്കൽ ലേബർ സൊസൈറ്റി പ്രതിനിധികൾ, പൊലീസ്, ആർ.ടി.ഒ, വ്യാപാരി പ്രതിനിധികൾ തുടങ്ങിയവരെ ഉൾക്കൊള്ളിച്ച് ശനിയാഴ്ച ഉച്ച രണ്ടിന് ഉപ്പള വ്യാപാരഭവനിൽ യോഗം വിളിച്ചു.

ആശുപത്രികളിലേക്കും വിമാനത്താവളത്തിലേക്കും വിദ്യാഭ്യാസ, തൊഴിൽ സ്ഥാപനങ്ങളിലേക്കും പോകേണ്ടവർക്ക് കൃത്യസമയത്ത് എത്താനാവാത്തത് ജനങ്ങൾക്കിടയിൽ വലിയ പ്രയാസങ്ങളാണ് സൃഷ്ടിക്കുന്നത്. ഉപ്പളയിലെ ട്രാഫിക് ബ്ലോക്ക് കാരണം പലർക്കും വിദേശത്തേക്കുള്ള വിമാനം നഷ്ടപ്പെടുന്നതും പതിവാവുകയാണ്. ഇത് പലരുടെയും ജോലിയെയും ജീവിതത്തെയും ബാധിക്കുന്നു. ട്രാഫിക് ബ്ലോക്ക് പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് എം.എൽ.എയുടെ ആവശ്യപ്രകാരം 27ന് കലക്ടറേറ്റിലും യോഗം വിളിച്ചിട്ടുണ്ട്.

സംസ്കൃത ദിനാഘോഷം

നീലേശ്വരം: ഹോസ്ദുർഗ് ഉപജില്ല സംസ്കൃതം അക്കാദമിക കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്കൃത ദിനാചരണം രാജാസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു. ഹോസ്ദുർഗ് എ.ഇ.ഒ മിനി ജോസഫ് ഉദ്ഘാടനം ചെയ്തു. പരമേശ്വരൻ അധ്യക്ഷതവഹിച്ചു. രാജാസ് സ്കൂൾ പ്രധാനാധ്യാപിക എം.വി. രമ മുഖ്യാതിഥിയായി. സംസ്കൃതം അക്കാദമിക കൗൺസിൽ സെക്രട്ടറി വിഷ്ണു, ശ്യാം ഭട്ട് എന്നിവർ സംസാരിച്ചു.

ഉടുമ്പുന്തല വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ പ്രദേശം സന്ദർശിക്കുന്നു

വിനോദസഞ്ചാര കേന്ദ്രമാകാൻ തീരദേശം

തൃക്കരിപ്പൂർ: പഞ്ചായത്തിലെ ഉടുമ്പുന്തല മാടക്കാൽ ബണ്ട് പരിസരം കേന്ദ്രീകരിച്ച് വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് വകുപ്പിന്റെയും പഞ്ചായത്തിന്റെയും സംയുക്തസംരംഭത്തിന്വഴിയൊരുങ്ങുന്നു.

നിലവിൽ കയാക്കിങ് കേന്ദ്രമായ കവ്വായിക്കായലിന്റെ മനോഹാരിത സഞ്ചാരികൾക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഊന്നൽ.

ഉടുമ്പുന്തല, ആയിറ്റി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ടൂറിസം വികസനത്തിനുള്ള നീക്കങ്ങൾ ആരംഭിച്ചശേഷം വകുപ്പ് ഉദ്യോഗസ്ഥർ പ്രദേശം സന്ദർശിച്ച് ഉടുമ്പുന്തല അനുയോജ്യമാണെന്ന് കണ്ടെത്തിയിരുന്നു. ഇതിന്റെ വിശദ പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതുമായി ബന്ധപ്പെട്ട ഏജൻസിയാണ് കഴിഞ്ഞദിവസം ഇവിടെയെത്തിയത്.

80 ലക്ഷം രൂപയുടെ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. ഇതിൽ 60 ശതമാനം തുക ടൂറിസം വകുപ്പ് ചെലവഴിക്കും. ബാക്കിയാണ് പഞ്ചായത്ത് വിഹിതം. പഞ്ചായത്ത് പ്രസിഡന്റ് വി.കെ. ബാവ, ചെയർമാൻ എ.കെ. ഹാഷിം എന്നിവർ അനുഗമിച്ചു.

സൗരോർജ പ്ലാന്റ് നിർമാണം തടഞ്ഞു

നീലേശ്വരം: വെള്ളൂടയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കാൻ എത്തിയവരെ സമരസമിതി പ്രവർത്തകർ തടഞ്ഞു. സ്ഥലത്ത് പൊലീസുമായി സംഘർഷമായതിനെ തുടർന്ന് 30ഓളം പേരെ അറസ്റ്റ് ചെയ്തുനീക്കി.

മടിക്കൈ പഞ്ചായത്തിലെ ഒന്നാം വാർഡും കോടോം ബേളൂർ പഞ്ചായത്ത് 18ാം വാർഡിലും പെട്ട സ്ഥലമായ കോട്ടപ്പാറ വെള്ളൂടയിലാണ് സംഭവം.

ജനകീയ സമരസമിതി പ്രവർത്തകരുടെ എതിർപ്പിനെ മറികടന്ന് സോളാർ പ്ലാന്റ് സ്ഥാപിക്കാനുള്ള ശ്രമമാണ് സമരസമിതി പ്രവർത്തകർ തടഞ്ഞത്. കാഞ്ഞങ്ങാട് ഡിവൈ.എസ്.പി ബാബു പെരിങ്ങേത്തിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം നിലയുറപ്പിച്ചിരുന്നു. ഹൈകോടതി വിധി നടപ്പിലാക്കാൻ സഹകരിക്കണമെന്ന് പൊലീസ് ആവശ്യപ്പെട്ടു. മടിക്കൈ പഞ്ചായത്ത് കോട്ടപ്പാറ വാർഡ് മെംബർ എ. വേലായുധൻ, ബാബു അഞ്ചാം വയൽ, പ്രോംരാജ് കാലിക്കടവ്, എം. പ്രശാന്ത്, ഭാസ്കരൻ ചെമ്പിലോട്ട് തുടങ്ങി മുപ്പതോളം പേരെ അറസ്റ്റ് ചെയ്തു.

ഹൈകോടതിയെ തെറ്റിദ്ധരിപ്പിച്ച് അനുമതിപത്രം വാങ്ങിയെന്നാണ് സമരസമിതി ആരോപണം. നെല്ലിയടുക്കം, കാനം, ഏച്ചിക്കാനം, പട്ടത്തുമൂല തുടങ്ങിയ കോളനികളിലെ നൂറുകണക്കിന് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലത്താണ് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നത്. ഇതിനകം തന്നെ 500ലധികം ഏക്കർ സ്ഥലത്ത് സോളാർ പാനൽ സ്ഥാപിച്ചു കഴിഞ്ഞു.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റസ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക്കുന്ന സ്ഥാവരവസ്തു ഇ-ലേല വിൽപ്പന നോട്ടീസ്.

വായ്പക്കാർ **1) M/s ഡെൽകോൺ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്,** മുല്ല മാൻഷൻ, പി.ബി. നമ്പർ.47, ഷാഹ്പുർ, മാരുതി ക്ഷേത്രത്തിന് സമീപം, പോണ്ട, പനാജി, ഗോവ, ഇന്ത്യ-403401. കൂടാതെ 11/413, ചട്ടഞ്ചാൽ, തെക്കിൽ പിഒ, കാസർകോട്, കേരളം, ഇന്ത്യ-671541. ജാമ്യക്കാരായ: **2) ശ്രീമതി കദീജ അഹമ്മദ്,** W/o. പരേതനായ ടി.ഡി. അഹമ്മദ് മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, ചെങ്കള പി.ഒ., കാസർകോട്, കേരളം, ഇന്ത്യ-671541. **3) ശ്രീ ഹസ്സൻ ബസ്രി ടി.ഡി,** S/o പരേതനായ ടി.ഡി.അഹമ്മദ്, മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ.തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541. **4) ശ്രീ ടി.ഡി.മുനീർ,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541, **5) ശ്രീ. മുഹമ്മദ് ഷഫീഖ് ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീഫ് മൻസിൽ, ചട്ടഞ്ചാൽ, പി.ഒ.തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541. **6) ശ്രീ. മുഹമ്മദ് നൗഫൽ ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, ഡെൽക്കോ ഹൗസ്, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541. **7) ശ്രീ. കദരിപാഷ ടി.ഡി,** S/o പരേതനായ ടി.ഡി. അഹമ്മദ്, മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541. **8) ഫാത്തിമത്ത് തഫ്സീറ ടി.ഡി,** D/o പരേതനായ ടി.ഡി. അഹമ്മദ് മുനീർ മൻസിൽ, ചട്ടഞ്ചാൽ, പി.ഒ. തെക്കിൽ, ചെങ്കള, കാസർകോട്, കേരളം, ഇന്ത്യ-671541

താഴെ പറയുന്ന വസ്തുവഹകൾ **സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ ചെർക്കള ബ്രാഞ്ചിൽ** (സെക്യൂർഡ് ക്രഡിറ്റർ) ജാമ്യവസ്തുക്കളായി നൽകിയിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ (സെക്യൂർഡ് ക്രഡിറ്റർ) കൈവശത്തിലെടുത്തിട്ടുള്ളതും സൗത്ത് ഇന്ത്യൻ ബാങ്ക് ചെർക്കള ബ്രാഞ്ചിന് (സെക്യൂർഡ് ക്രഡിറ്റർ) മുകളിൽ പറഞ്ഞ വായ്പക്കാർ/ജാമ്യക്കാർ എന്നിവരിൽ നിന്നും 20.08.2024ന് കിട്ടുവാനുള്ള തുകയായ **16,72,67,103.15 (പതിനാറ് കോടി എഴുപത്തിരണ്ട് ലക്ഷത്തി അറുപത്തിയേഴായിരത്തി നൂറ്റിമൂന്ന് രൂപ പതിനഞ്ച് പൈസ മാത്രം)** കൂടാതെ തുടർന്നുള്ള പലിശയും മറ്റു ചിലവുകളും തിരിച്ചുപിടിക്കുന്നതിനായി വസ്തുവഹകൾ ഇപ്പോൾ എവിടെയാണോ എങ്ങിനെയാണോ ഏതൊക്കെയാണോ എന്ന അടിസ്ഥാനത്തിൽ **20.09.2024**ന് ബാങ്ക് വിൽക്കുന്നതായിരിക്കും.

സ്ഥാവര വസ്തുക്കളുടെ വിവരങ്ങൾ

ഐറ്റം നമ്പർ 1: **വസ്തു ഉടമയുടെ പേര്:** ശ്രീ ടി ഡി അഹമ്മദിന്റെ നിയമപരമായ അവകാശികൾ **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ റീസർവ്വെ നം. 255/1പിടി, ഉദുമ എസ്.ആർ.ഒ യിൽ 14.07.1983ന് രജിസ്റ്റർ ചെയ്ത 1473/1983 ഭാഗപത്ര ആധാരപ്രകാരം 05.09.2008ന് രജിസ്റ്റർ ചെയ്ത 3648/2008 ഒഴിമുറി ആധാരപ്രകാരവും 02.05.2012ന് രജിസ്റ്റർ ചെയ്ത 1923/2012 ഒഴിമുറി ആധാരപ്രകാരവും, 19.03.2014ന് രജിസ്റ്റർ ചെയ്ത 1137/2014 ഒഴിമുറി ആധാരപ്രകാരവും ടി.ഡി.അഹമ്മദിന്റെ (പരേതൻ) & അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളായ ശ്രീ. ടി.ഡി മുനീർ, ശ്രീ.ഹസ്സൻ ബസ്രി ടി.ഡി, ശ്രീ.മുഹമ്മദ് ഷഫീഖ് ടി.ഡി, ശ്രീമതി ഫാത്തിമത്ത് തഫ്സീറ ടി ഡി, ശ്രീ. കാദരിപാഷ ടി ഡി, ശ്രീ. മുഹമ്മദ് നൗഫൽ ടി ഡി, ശ്രീമതി. കദീജ അഹമ്മദ്, എന്നിവരുടെ ഉടമസ്ഥതയിലുള്ളതും പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 66.97 സെന്റ് (NHAI ഏറ്റെടുക്കുന്നതിന് മുമ്പ് 92 സെന്റ്) സ്ഥലം. **അതിർത്തികൾ (ആധാരപ്രകാരം):** വടക്ക്: മല്ലത്ത് മുഹമ്മദിന്റെ സ്ഥലം, തെക്ക്: ടി ഡി അബ്ദുല്ലയുടെ സ്ഥലം, കിഴക്ക്: ടി ഡി അഹമ്മദിന്റെ സ്ഥലം, പടിഞ്ഞാറ്: എൻഎച്ച് റോഡ്. **ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം:** വടക്ക്: തോട്, തെക്ക്: സാഫിയുടേയും മറ്റുള്ളവരുടെയും സ്ഥലം, കിഴക്ക്: സ്വന്തം സ്ഥലം, പടിഞ്ഞാറ്: എൻഎച്ച് റോഡ്.

കരുതൽ വില: **2,97,00,000 (രണ്ട് കോടി തൊണ്ണൂറ്റി ഏഴ് ലക്ഷം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **29,70,000 (ഇരുപത്തൊമ്പത് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)** (EMD 19.09.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **20.09.2024ന് രാവിലെ 10 മുതൽ 11 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: **06.12.2023 വരെ ബാധ്യതകൾ ഇല്ല.**

ഐറ്റം നമ്പർ 2: **വസ്തു ഉടമയുടെ പേര്:** ശ്രീ ടി ഡി അഹമ്മദിന്റെ നിയമപരമായ അവകാശികൾ **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ റീസർവ്വെ നം. 255/1പിടി, ഉദുമ എസ്.ആർ.ഒ യിൽ 19.07.1983ന് രജിസ്റ്റർ ചെയ്ത 1512/1983 വിൽപ്പന ആധാരപ്രകാരം ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ ഏകദേശം 4840 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള ബിൽഡിംഗ് അടക്കം (ഡോർ നം. VII/544, 545) ടി.ഡി.അഹമ്മദിന്റെ (പരേതൻ) & അദ്ദേഹത്തിന്റെ നിയമപരമായ അവകാശികളായ ശ്രീ. ടി.ഡി മുനീർ, ശ്രീ.ഹസ്സൻ ബസ്രി ടി.ഡി, ശ്രീ.മുഹമ്മദ് ഷഫീഖ് ടി.ഡി, ശ്രീമതി ഫാത്തിമത്ത് തഫ്സീറ ടി ഡി, ശ്രീ. കാദരിപാഷ ടി ഡി, ശ്രീ. മുഹമ്മദ് നൗഫൽ ടി ഡി, ശ്രീമതി. കദീജ അഹമ്മദ്, എന്നിവരുടെ ഉടമസ്ഥതയിലുള്ളതും പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 100 സെന്റ് (അതായത് 40.47 ആർസ്) സ്ഥലം. **അതിർത്തികൾ (ആധാരപ്രകാരം):** വടക്ക്: മല്ലത്ത് മുഹമ്മദിന്റെ സ്ഥലം, തെക്ക്: ടി.ഡി. അബ്ദുള്ളയുടെ സ്ഥലം, കിഴക്ക്: ശങ്കരന്റെയും മറ്റുള്ളവരുടെയും കൈവശമുള്ള സ്ഥലം, പടിഞ്ഞാറ്: ആയിഷാബിയുടെയും മറ്റുള്ളവരുടെയും കൈവശമുള്ള സ്ഥലം, **ലൊക്കേഷൻ സർട്ടിഫിക്കറ്റ് പ്രകാരം:** വടക്ക്: സക്കീനയുടെ സ്ഥലം, തെക്ക്: ടി ഡി അഹമ്മദിന്റെയും മറ്റുള്ളവരുടെയും അതേ കൈവശ സ്ഥലം, കിഴക്ക്: റീസർവ്വെ നമ്പർ: 255/2, പടിഞ്ഞാറ്: സ്വകാര്യ റോഡ്, സ്വന്തം സ്ഥലം.

കരുതൽ വില: **3,23,00,000 (മൂന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **32,30,000 (മുപ്പത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം)** (EMD 19.09.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **20.09.2024ന് രാവിലെ 11.30 മുതൽ 12.30 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: **06.12.2023 വരെ ബാധ്യതകൾ ഇല്ല.**

ഐറ്റം നമ്പർ 3: **വസ്തു ഉടമയുടെ പേര്:** ശ്രീ. ടി ഡി മുനീർ, **വസ്തുവിന്റെ വിവരണം:** കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിലെ തെക്കിൽ വില്ലേജിലെ റീസർവ്വെ നം. 247/1 എ പിടി (21.50സെന്റ്), റീസർവ്വെ നം. 247/2 എ പിടി (2.001 സെന്റ്), റീസർവ്വെ നം. 247/3 പിടി (19.50 സെന്റ്), ഉദുമ എസ്.ആർ.ഒ യിൽ 24.10.2016ന് രജിസ്റ്റർ ചെയ്ത 3213/2016 ധനനിശ്ചയ ആധാരപ്രകാരം ശ്രീ. മുനീർ ടി ഡി യുടെ ഉടമസ്ഥതയിലുള്ള പുരോഗതിയോട് കൂടിയ മുഴുവനും ഭാഗികവുമായ മറ്റെല്ലാ അവകാശങ്ങളും നിർമ്മാണങ്ങളും മെച്ചപ്പെടുത്തലുകളും അടക്കം 43 സെന്റ് (അതായത് 17.40 ആർസ്) സ്ഥലം. **അതിർത്തികൾ:** വടക്ക്: ബെണ്ടിച്ചാൽ മൊയ്തീന്റെ സ്ഥലം, തെക്ക്: പഞ്ചായത്ത് റോഡ്, കിഴക്ക്: ടി ഡി അഹമ്മദിന്റെ (പരേതൻ) സ്ഥലം, പടിഞ്ഞാറ്: ഷഫീഖ് ടി ഡിയുടെ സ്ഥലം.

കരുതൽ വില: **72,00,000 (എഴുപത്തിരണ്ട് ലക്ഷം രൂപ മാത്രം)**
നിരതദ്രവ്യം (EMD): **7,20,000 (ഏഴ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)** (EMD 19.09.2024ന് വൈകു. 5 മണിക്കോ അല്ലെങ്കിൽ അതിനുമുമ്പായോ നിക്ഷേപിക്കാവുന്നതാണ്
ബിഡ് ഇൻക്രിമെന്റ് തുക: **10,000 (പത്തായിരം രൂപ മാത്രം)**
ഇ-ലേലത്തിന്റെ തിയതിയും സമയവും: **20.09.2024ന് ഉച്ചക്ക് 1.00 മുതൽ 2.00 വരെ** വിൽപ്പന അവസാനിക്കുന്നത് വരെ 5 മിനിറ്റ് പരിധിയില്ലാത്ത ദൈർഘ്യത്തോട് കൂടി.
ബാങ്കിന് അറിയാവുന്ന ബാധ്യതകൾ: **06.12.2023 വരെ ബാധ്യതകൾ ഇല്ല.**

വിൽപ്പനയുടെ കൂടുതൽ വിവരങ്ങളും ഉപാധികളും അറിയുന്നതിന് സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡിന്റെ (സെക്യൂർഡ് ക്രെഡിറ്റർ) വെബ്സൈറ്റ് സന്ദർശിക്കുക. **www.southindianbank.com** വിശദാംശങ്ങൾ **https://bankauctions.in** ലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും വസ്തുവിന്റെ പരിശോധനയ്ക്കും, ലേലം വിളിക്കാൻ ഉദ്ദേശിക്കുന്നവർക്ക് അധികാരപ്പെടുത്തിയ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. (ഫോൺ: **0497 2713234/2713235, 8826904358**) അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് ബ്രാഞ്ച് ചെർക്കള **04994 284800**, സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് റീജിയണൽ ഓഫീസ് കണ്ണൂരുമായി **8848659770** എന്ന നമ്പറിലൊ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടുക.

കണ്ണൂർ 21.08.2024 (ഒപ്പ്)അധികാരപ്പെടുത്തിയ ഓഫീസർ, ദി സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ്

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, ചാലാട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 014, കേരള, ഫോൺ: +91 497 2713233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
രജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, ടി.ബി. റോഡ്, തൃശ്ശൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

വസ്തു ഇ-ലേല വിൽപന നോട്ടീസ് [റൂൾ-8 (6) & 9(1)]

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസ്സറ്റസ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് നിയമം, 2002 പ്രകാരവും സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് 2002 റൂൾ 8 (6) & 9 (1) പ്രകാരവും വായ്പക്കാരെയും ജാമ്യക്കാരെയും പൊതുജനങ്ങളെയും അറിയിക